Prot.No.MPL: 33/18/2

MY LORD MY GOD

# വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സഹോദരീ സഹോദരന്മാരേ,

കേരളത്തിൽ സമീപകാലത്തൊന്നും ഉണ്ടായിട്ടില്ലാത്ത രീതിയിലുള്ള അസാധാരണമായ പ്രളയവും കാലവർഷ കെടുതിയും മൂലം, ഓഗസ്റ്റ് 14 വരെയുള്ള കണക്കനുസരിച്ച 40 ഓളം പേർ മരണപ്പെടുകയും 60000 ഓളം പേർ കിടപ്പാടവും കൃഷിഭൂമിയും ജീവനോപാധികളും നഷ്ടപ്പെട്ടവരുമായി തീരുകയും ചെയ്തു. വലിയ തോതിലുള്ള കാലവർഷം, കേരളത്തിൽ ഒട്ടേറെ സ്ഥലങ്ങളിൽ മണ്ണിടിച്ചിലിനും ഡാമുകൾ നിറഞ്ഞൊഴുകുന്നതിനും കാരണമായി. കേര വൃക്ഷങ്ങൾ അതിരിടുന്ന തീരങ്ങൾക്കും തേയില തോട്ടങ്ങൾക്കും പേരു കേട്ട നമ്മുടെ സ്വന്തം നാട്, അതി ഭയാനകമായ കാലവർഷ കെടുതി മൂലം നട്ടം തിരിയുകയാണ്.

കേരളത്തിലെ ദുരന്ത നിവാരണ അതോറിറ്റിയുടെ കണക്കുകൾ പ്രകാരം ആയിരക്കണക്കിന് ഏക്കറിലെ കൃഷിനാശത്തിനും കോടിക്കണക്കിന് രൂപയുടെ നാശനഷ്ടങ്ങൾക്കും ഈ പേമാരി കാരണമായിട്ടുണ്ട്. ജലജന്യമായ രോഗങ്ങളും കൊടും ദാരിദ്ര്യവുമായിരിക്കും ഈ മഴ കെടുതിക്ക് ശേഷം കേരളം അഭിമുഖീകരിക്കാൻ പോകുന്നത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ചെയ്യുന്ന വിവിധ സന്നദ്ധ സംഘടനകൾ പരമാവധി സഹായങ്ങൾ ചെയ്യുന്നെണ്ടെങ്കിലും നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായിക മേഖലയിലും ടൂറിസം മേഖലയിലും ഈ ദുരന്തം ഒട്ടേറെ പ്രതിഫലിക്കും എന്നതിൽ സംശയമില്ല.

ഈയവസരത്തിൽ, നാട്ടിലെ നമ്മുടെ സഹോദരീ സഹോദരന്മാരോട് പ്രാർത്ഥനയിൽ ഐക്യപ്പെട്ടവരായി കൊണ്ട് വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിലേക്ക് നിങ്ങളാൽ കഴിയുന്ന സംഭാവനകൾ എത്രയും വേഗം നല്കുവാൻ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളോടും മിഷനുകളോടും ഞാൻ അഭ്യർത്ഥിക്കുന്നു. ഈ സർക്കുലർ ആഗസ്റ്റ് 19-ാം തിയതി ഞായറാഴ്ച നമ്മുടെ ഇടവകകളിലും മിഷൻ കേന്ദ്രങ്ങളിലും കുർബാനക്കിടെ വായിച്ച് ദുരിതമനുഭവിക്കുന്ന നമ്മുടെ സഹോദരങ്ങളെ സഹായിക്കാൻ ഒരു പിരിവ് എടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

എന്ന്,

സ്നേഹപൂർവ്വം

**+ ബോസ്കോ പിതാവ്** **15 ആഗസ്റ്റ് 2018**